**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2597** **06-10-2025 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി, പരവൂർ സബ് ട്രഷറികൾക്ക് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പൂയപ്പള്ളി സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ് ; കെട്ടിട നിർമ്മാണത്തിന്റെ ചുമതല ഏത് ഏജൻസിയാണ് നിർവഹിക്കുന്നത് ; പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണ്; വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പൂയപ്പള്ളി സബ് ട്രഷറിക്ക് സ്വന്തമായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ താഴത്തെ നിലയുടെയും മുകളിലത്തെ നിലയുടെയും കോൺക്രീറ്റ് പണികൾ പൂർത്തിയാകുകയും, ചുവരിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. കെട്ടിട നിർമ്മാണ ചുമതല HLL Life Care Ltd ആണ് നിർവ്വഹിക്കുന്നത്. ടി കെട്ടിട നിർമ്മാണത്തിന്റെ അടങ്കൽ തുക 1,76,77,054/- രൂപയാണ്. |
| (ബി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗര സഭയിലെ പരവൂർ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതിയും വിശദാംശവും അറിയിക്കാമോ? | (ബി) | പരവൂർ മുൻസിപ്പൽ ബസ് സ്റ്റാന്റിൽ പരവൂർ നഗരസഭ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മൾട്ടി പർപ്പസ് ബിൽഡിംഗിന്റെ താഴെത്തെ നിലയിൽ പരവൂർ സബ് ട്രഷറി പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സന്നദ്ധത പരവൂർ നഗരസഭ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ നഗരസഭ ആരംഭിച്ചിട്ടില്ല,. പ്രവൃത്തികൾ ആരംഭിക്കുന്ന മുറയ്ക്ക് സർക്കാർ ഉത്തരവിന് വിധേയമായി ടി കെട്ടിടത്തിൽ ട്രഷറി പ്രവർത്തിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ